പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 325 | 27.02.2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**വെളിച്ചെണ്ണയിലെ മായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിൽ വ്യാപകമായി പാരഫിൻ കലർന്ന വെളിച്ചെണ്ണ വില്പന നടത്തുന്നു എന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും ഹൈദ്രാബാദിലുള്ള ഇൻഡ്യൻ കെമിക്കൽ ടെക്നോളജി ലാബിലും, സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CFTRI) ലാബുകളിലും പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത സാമ്പിളുകളിൽ പാരഫിന്റെ അംശം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ കണ്ടെത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ട് പ്രകാരം വെളിച്ചെണ്ണയുടെ 26 ബ്രാൻഡുകൾ ഭക്ഷ്യസുരക്ഷാകമ്മീഷണർ നിരോധിച്ചു. |
| സി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന വെളിച്ചെണ്ണയിലെ മായം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനം ഉണ്ടോ; വിശദമാക്കുമോ? | സി) | ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും ടാങ്കർ ലോറികൾ വഴി കൊണ്ടുവരുന്ന എണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് ഗവൺമെന്റ് ലാബുകളിൽ പരിശോധിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ